"ഭരണഭാഷ- മാതൃഭാഷ"



കേരള സർക്കാർ

**<u>സംഗ്രഹം</u>**

കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്തിലെ 8/197 മുതൽ 8/206 വരെ നമ്പറുള്ള, അപകടാവസ്ഥയിലുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.552/2026/LSGD തീയതി, തിരുവനന്തപുരം, 02-03-2026

---

പരാമർശം:- 1 21.08.2019-ലെ ജി.ഒ.(പി) നം.111/2019/ഫിൻ

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.10.2025-ലെ LSGD/PD/30424/2025-REV1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്തിലെ 8/197 മുതൽ 8/206 വരെ നമ്പറുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം ഉപയോഗശൂന്യമായതിനാൽ പൊളിച്ചു മാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ബിൽഡിംഗ് സർട്ടിഫിക്കറ്റ്, അസി. എഞ്ചിനീയർ നൽകിയ ഉപയോഗശൂന്യത സാക്ഷ്യപത്രം, സർവ്വേ റിപ്പോർട്ട്, ടി റിപ്പോർട്ട് അംഗീകരിച്ച ഭരണസമിതി തീരുമാനം എന്നിവ ഉൾപ്പെടുത്തി കെട്ടിടം പൊളിക്കുന്നതിനുള്ള അനുമതിക്കായി ജോയിന്റ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ടെന്നും അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ട് പ്രകാരം ടി കെട്ടിടത്തിന്റെ അസ്സസ്സ്ഡ് മൂല്യം 7,72,158/- രൂപയും ഡിസ്മാന്റിലിംഗ് ചാർജ്ജ് 11,69,223/- രൂപയുമാണെന്നും ടി തുകയ്ക്കുള്ള സർവ്വേ റിപ്പോർട്ടിന് പഞ്ചായത്ത് ഭരണസമിതി അംഗീകാരം നല്കുകയും കെട്ടിടം പൊളിച്ചു നീക്കുന്നതിന് ആവശ്യമായ തുക തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നും പൊളിച്ചു മാറ്റേണ്ട കെട്ടിടത്തിന്റെ അസ്സസ്സ്ഡ് മൂല്യത്തേക്കാൾ ഡിസ്മാന്റിലിംഗ് ചാർജ്ജ് കൂടുതലായി വരുന്നതിനാൽ കെട്ടിടം പൊളിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെട്ടിടത്തിന്റെ സർവ്വേ റിപ്പോർട്ടിന് പരാമർശം (1) പ്രകാരം ആവശ്യമായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരം ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത കെട്ടിടത്തിൽ ബാർട്ടൻ ഹിൽ ഗവ. എഞ്ചിനീയറിംഗ് കോളേജ് നടത്തിയ സാങ്കേതികപരിശോധനയുടെ റിപ്പോർട്ടിൽ കെട്ടിടത്തിലെ പ്രധാനഭാഗങ്ങളായ കോളങ്ങളിൽ കോൺക്രീറ്റ് പൊളിഞ്ഞ് കമ്പികൾ പൂർണമായും ദ്രവിച്ചിട്ടുള്ളതായും ഇതുമൂലം പ്രസ്തുത കോളങ്ങൾക്ക് ഭാരം താങ്ങാൻ ശേഷി നഷ്ടപ്പെട്ടതായും സമീപത്തുള്ള ബീമുകളിൽ

വിള്ളലുകൾ രൂപപ്പെട്ടിട്ടുള്ളതായും കെട്ടിടത്തിലെ കോളങ്ങളിലും ബീമുകളിലുമുള്ള ബലക്ഷയം കെട്ടിടം തകരുന്നതിന് മുമ്പുള്ള സൂചനകളായി കണക്കാക്കാമെന്നും കെട്ടിടം അതീവ ദുർബലാവസ്ഥയിലായതിനാൽ കെട്ടിടത്തിന് ചുറ്റും മൂന്നു മീറ്റർ സുരക്ഷാമേഖല ഒരുക്കണമെന്നും കാലവിളംബം കൂടാതെ പൊളിച്ചു മാറ്റണമെന്നും ശിപാർശ ചെയ്തിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ വാഴൂർ ഗ്രാമപഞ്ചായത്തിലെ 8/197 മുതൽ 8/206 വരെ നമ്പറുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം സംബന്ധിച്ച സാങ്കേതിക റിപ്പോർട്ട് പ്രകാരമുള്ള അപകടാവസ്ഥ പരിഗണിച്ച്, കെട്ടിടത്തിന്റെ സർവ്വേ റിപ്പോർട്ടിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക്, മത്സരസ്വഭാവമുള്ള ടെണ്ടറുകൾ/ലേലം ക്ഷണിച്ചു കൊണ്ട് പ്രസ്തുത കെട്ടിടം പൊളിച്ചു മാറ്റുന്നതിനും ഇക്കാര്യത്തിൽ ആവശ്യമായി വരുന്ന അധികതുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുപയോഗിക്കുന്നതിനും വാഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYANTHI B S**

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോട്ടയം.
സെക്രട്ടറി, വാഴൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ( വെബ് ആന്റ് ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (LSGD-RA3/322/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Shini Pereira. V
Date: 02-03-2026 14:32:19